REGIONAL NEWS UNIT, ALL INDIA RADIO, CALICUT

ആകാശവാണി

പ്രാദേശിക വാർത്തകൾ

തിയ്യതി: 24-10-2026 സമയം 06.45 AM

പ്രധാന വാർത്തകൾ

- രാജ്യരക്ഷാ രംഗത്ത് ഇന്ത്യയുടെ ഉൽപ്പാദന കയറ്റുമതി 38,000 കോടി രൂപയായതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ്സിങ്.
- കാരുണ്യ പദ്ധതിയിലൂടെ ചികിത്സാ സഹായം നൽകാൻ ഭാഗ്യക്കുറി വകുപ്പ് 293 കോടി 62 ലക്ഷം രൂപ ആരോഗ്യ വകുപ്പിന് കൈമാറിയതായി മുഖ്യമന്ത്രി വിഡി സതീശൻ.
- സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെ കണക്കെടുപ്പിന് സമഗ്ര പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി VE അബ്ദുൾ ഗഫൂർ.
- ശക്തമായ മഴ കണക്കിലെടുത്ത് പത്തു ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ഓറഞ്ച് ജാഗ്രത.
- വഡോദരയിൽ വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ത്യ, സിംബാബ്വെയെ ഒമ്പത് വിക്കറ്റിന് തോൽപ്പിച്ചു.

വാർത്തകൾ വിശദമായി

രാജ്യരക്ഷാ രംഗത്ത് ഉൽപ്പാദനം കഴിഞ്ഞ സാമ്പത്തിക വർഷം 1.78 ലക്ഷം കോടി രൂപയും, കയറ്റുമതി ഏകദേശം 38,000 കോടി രൂപയായതായും രാജ്യരക്ഷാ മന്ത്രി രാജ്നാഥ്സിങ് പറഞ്ഞു.

ന്യൂഡൽഹിയിൽ കരസേനാ കമാൻഡർമാരുടെ യോഗം ത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡെസ്ക് റിപ്പോർട്ട്..

.....വോയ്സ്.....

രാഷ്ട്രീയ പ്രാദേശിക സംഭവവികാസങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കാനും, ഭാവി വെല്ലുവിളികളെ നേരിടാൻ സജ്ജരായിരിക്കാനും രാജ്യരക്ഷാ മന്ത്രി കരസേനാ കമാൻഡർമാരെ ആഹ്വാനം ചെയ്തു.

അടുത്ത 30 വർഷം ലക്ഷ്യമാക്കി തന്ത്രപരമായ കാഴ്ചപ്പാടുകൾ രൂപീകരിക്കണമെന്ന് രാജ്നാഥ്സിങ് യോഗത്തിൽ ആവശ്യപ്പെട്ടു. യുദ്ധമുറകളിലെ മാറ്റങ്ങളും സംഘർഷങ്ങളും ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ കരസേനയെ സജ്ജമാക്കാൻ സമഗ്ര ചട്ടക്കൂടായ 'ലാൻഡ് വാർഫെയർ ഡോക്ട്രിൻ' രാജ്നാഥ് സിംഗ് യോഗത്തിൽ പ്രകാശനം ചെയ്തു. ഐക്യരാഷ്ട്ര സംഘടനയുടെ വാർഷിക ജേണലും അദ്ദേഹം പുറത്തിറക്കി.

✪✪✪

2028 ഒക്ടോബറോടെ പൂർണമായും തദ്ദേശ നിർമിത മൊബൈൽ ഫോണുകൾ ഇന്ത്യൻ ബ്രാൻഡുകൾക്ക് കീഴിൽ വിപണിയിലെത്തുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ പറഞ്ഞു. സെമികണ്ടക്ടർ രൂപകൽപ്പനയുടെ ആഗോള കേന്ദ്രമായി ഇന്ത്യ മാറുമെന്നും 'മേക്ക് ഇൻ ഇന്ത്യ' എന്ന ആശയവുമായി രാജ്യം ദ്രുതഗതിയിൽ മുന്നോട്ട് കുതിക്കുകയാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

മൊബൈൽ ഫോണുകൾ, ഡ്രോണുകൾ, മിസൈലുകൾ, ട്രെയിനുകൾ, കൂടാതെ അത്യാധുനികമായ മറ്റ് പല ഉപകരണങ്ങളും ഇപ്പോൾ ഇന്ത്യയിൽ നിർമ്മിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. നിർമിത ബുദ്ധിയുടെ മുന്നേറ്റം പ്രതീക്ഷ നൽകുന്നതാണെന്നും മാനവ നവീകരണത്തിനൊപ്പം സുരക്ഷയ്ക്കും തുല്യ പ്രാധാന്യം നൽകണമെന്നും അദ്ദേഹം നിർദേശിച്ചു.

✪✪✪

ഫ്രാൻസ്, ഇറ്റലി, ബെൽജിയം തുടങ്ങി യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിലെ പ്രതിഷേധം കണക്കിലെടുത്ത് ഇന്ത്യ ജാഗ്രതാ നിർദേശം നൽകി. ഇവിടങ്ങളിലെ ഇന്ത്യൻ എംബസികൾ സ്ഥിതിഗതി സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്താൻ ഇവരുമായി സമ്പർക്കം പുലർത്തുന്നുണ്ടെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.പ്രതിഷേധങ്ങൾ തുടരുന്ന പ്രദേശങ്ങൾ ഒഴിവാക്കി യാത്ര ചെയ്യണമെന്നും പ്രാദേശിക ഭരണകൂടം നൽകുന്ന ഉപദേശങ്ങളും നിർദേശങ്ങളും പാലിക്കാൻ ഇന്ത്യൻ പൗരന്മാരോട് ആവശ്യപ്പെട്ടതായും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഇന്ന് ഐക്യ രാഷ്ട്ര സംഘടനയുടെ 81-ാം സ്ഥാപക ദിനം. ന്യൂഡൽഹിയിൽ ഇന്നലെ ഐക്യരാഷ്ട്രസഭാ ദിനാഘോഷങ്ങളിൽ കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് മുഖ്യാതിഥിയായി. ആഗോള സമാധാനവും സുസ്ഥിര വികസനവും മുന്നോട്ട് കൊണ്ടുപോകുന്നതിൽ ഇന്ത്യയുടെ ഉത്തരവാദിത്തവും പങ്കും ചടങ്ങിൽ മന്ത്രി ഓർമിച്ചു.

✪✪✪

കാരുണ്യ പദ്ധതിയിലൂടെ അർഹരായ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നതിന് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് 293 കോടി 62 ലക്ഷം രൂപ ആരോഗ്യവകുപ്പിന് കൈമാറിയതായി മുഖ്യമന്ത്രി വിഡി സതീശൻ അറിയിച്ചു. ഇന്നലെയാണ് ചെക്ക് മന്ത്രി കെ മുരളീധരനെ ഏൽപ്പിച്ചതെന്ന് അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു. കാരുണ്യ , കാരുണ്യ പ്ലസ് ഭാഗ്യക്കുറികളുടെ ടിക്കറ്റ് വില്പന വരുമാനത്തിൽ നിന്നും ലഭിച്ച തുകയാണ് ആരോഗ്യ വകുപ്പിന് കൈമാറിയതെന്ന് വിഡി സതീശൻ വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെ കണക്കെടുപ്പ് നടത്തുന്നതിന് സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമെന്ന് മന്ത്രി VE അബ്ദുൾ ഗഫൂർ അറിയിച്ചു. സമ്പൂർണ്ണ ഭിന്നശേഷി UDID കാർഡ് ലഭ്യമാക്കുന്ന ആദ്യത്തെ ബ്ലോക്ക് പഞ്ചായത്തായി കൊടുവള്ളിയെ പ്രഖ്യാപിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭിന്നശേഷിക്കാർക്ക് ഗവൺമെന്റ് പദ്ധതികളുടെ പ്രയോജനം ലഭിക്കാൻ UDID കാർഡ് സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു. ഗതാഗത വകുപ്പുമായി ചേർന്ന് കാർഡ് മുഖേന, ഭിന്നശേഷിക്കാർക്ക് കൂടുതൽ യാത്രാനുകൂല്യങ്ങൾ ലഭ്യമാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

ഇന്ന് ലോക പോളിയോ ദിനം. പോളിയോ രോഗത്തെ നിർമാർജനം ചെയ്യാൻ ആഗോളതലത്തിൽ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളെ ഓർമ്മിപ്പിക്കാനാണ് എല്ലാ വർഷവും ഒക്ടോബർ 24ന് ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ ലോക പോളിയോ ദിനം ആചരിക്കുന്നത്. ഓരോ കുഞ്ഞിനും പോളിയോ വാക്സിൻ ലഭിച്ചുവെന്ന് ഉറപ്പാക്കാൻ ഇന്നേ ദിവസം ലോകാരോഗ്യ സംഘടന എല്ലാ രാജ്യങ്ങളോടും ആഹ്വനം ചെയ്യുന്നു.

✪✪✪

തിരുവനന്തപുരത്ത് നിന്ന് ആരംഭിച്ച സംസ്ഥാന സ്കൂൾ കായികമേളയുടെ സ്വർണക്കപ്പ് പ്രയാണത്തിന് എറണാകുളം ജില്ലയിൽ ഇന്നലെ സ്വീകരണം നൽകി. കായികമേളയുടെ സ്വർണക്കപ്പ് പ്രയാണത്തെ സ്വീകരിക്കാൻ

കഴിഞ്ഞത് അഭിമാന നിമിഷമാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ ജി രാധാകൃഷ്ണൻ പറഞ്ഞു.

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് നാളെ കോഴിക്കോട്ട് തുടക്കമാകും. ഈ മാസം 31 വരെ നീളുന്ന മേളയുടെ ദീപശിഖാ പ്രയാണത്തിന് കാസർക്കോട്ട് തുടക്കമായി. ചായ്യോത്ത് ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ ഗോവിന്ദൻ പള്ളിക്കാപ്പിൽ MLA, ദീപശിഖ കൊളുത്തി ഉദ്ഘാടനം ചെയ്തു. രാജ്യാന്തര ഡിസ്കസ് ത്രോ താരം KC സർവാന് ദീപശിഖ കൈമാറി.

✪✪✪

തിരുവനന്തപുരത്ത് നിന്ന് ആരംഭിച്ച സംസ്ഥാന സ്കൂൾ കായികമേളയുടെ സ്വർണക്കപ്പ് പ്രയാണത്തിന് എറണാകുളം ജില്ലയിൽ ഇന്നലെ സ്വീകരണം നൽകി. കായികമേളയുടെ സ്വർണക്കപ്പ് പ്രയാണത്തെ സ്വീകരിക്കാൻ കഴിഞ്ഞത് അഭിമാന നിമിഷമാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ ജി രാധാകൃഷ്ണൻ പറഞ്ഞു.

✪✪✪

കേരള സ്കൂൾ കായിക മേളയുടെ മീഡിയ പവലിയൻ മന്ത്രി ഷംസുദ്ദീൻ കോഴിക്കോട് NIT ഗ്രൗണ്ടിൽ ഇന്ന് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മാധ്യമ പ്രവർത്തകരുടെ ഐ ഡി കാർഡും വിതരണം ചെയ്യും. ഫൈസൽ ബാബു MLA അധ്യക്ഷനാകും.

✪✪✪

കോഴിക്കോട് നടക്കുന്ന 68-ാമത് കേരള സ്കൂൾ കായികമേളയോടനുബന്ധിച്ച് മീഡിയ കമ്മിറ്റി തയ്യാറാക്കിയ 'ജെൻസി കുതിപ്പ് 2026 – ക്ലിക്ക് & നോ ഗൈഡ്' സപ്ലിമെന്റിന്റെ കവർ പുറത്തിറക്കി. കായികമേളയുമായി ബന്ധപ്പെട്ട സമഗ്ര വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സപ്ലിമെന്റ് തയ്യാറാക്കിയത്.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ കണക്കിലെടുത്ത് പത്തു ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം ജില്ലയിൽ കാപ്പിൽ മുതൽ പൊഴിയൂർ വരെ രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യതയുണ്ട്. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 65 കിലോമീറ്റർ വരെ കാറ്റ് വീശാൻ സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പ് നൽകി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി

.....വോയ്സ്.....

ഈ വർഷം ഒക്ടോബർ ഒന്നിനോ അതിനു മുൻപോ പതിനെട്ടു വയസു പൂർത്തിയായവർക്കാണ് ഇപ്പോൾ നടക്കുന്ന പ്രത്യേക സംക്ഷിപ്ത പുതുക്കൽ വേളയിൽ വോട്ടർ പട്ടികയിൽ പേരു ചേർക്കാനാവുക. പതിനേഴു വയസു കഴിഞ്ഞതും പതിനെട്ടു വയസു പൂർത്തിയാകുമ്പോൾ പേരു ചേർക്കാനായി അപേക്ഷിക്കാം. ഈ സാഹചര്യത്തിൽ യുവാക്കളെ ബോധവൽക്കരിക്കാൻ കാമ്പസ് ടു ബൂത്ത് പരിപാടിക്കു തുടക്കം കുറിച്ചതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ ഡോ. ഡി സജിത്ത് ബാബു ആകാശവാണിയോടു പറഞ്ഞു.

✪✪✪

വഡോദരയിൽ മൂന്ന് മത്സര പരമ്പരയിലെ വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ത്യ, സിംബാബ്വെയെ ഒമ്പത് വിക്കറ്റിന് തോൽപ്പിച്ചു. ആദ്യം ബാറ്റ് ചെയ്ത സിംബാബ്വെ 49.5 ഓവറിൽ 197 റൺസ് നേടി. മറുപടി ബാറ്റിംഗിന് ഇറങ്ങിയ ഇന്ത്യ 27.1 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 200 റൺസ് നേടി. ഇന്ത്യയ്ക്ക് വേണ്ടി ഓപ്പണർ പ്രതികാ റാവൽ സെഞ്ച്വറി കുറിച്ചു. ഷെവാലി വർമ അർദ്ധ സെഞ്ച്വറിയും നേടി. ക്യാപ്റ്റൻ സ്മൃതി മന്ദാന 32 റൺസെടുത്തു.

പരമ്പരയിലെ അടുത്ത മത്സരവും നാളെ വഡോദരയിലാണ്.

✪✪✪

അഹമ്മദാബാദിൽ കോമൺവെൽത്ത് കബഡി ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്ക് ഉജ്വല തുടക്കം. വനിതാ വിഭാഗത്തിൽ മലേഷ്യയെ 13നെതിരെ 73 പോയിന്റുകൾക്കാണ് ഇന്ത്യ തോൽപ്പിച്ചത്. പുരുഷ വിഭാഗത്തിൽ ഇംഗ്ലണ്ടിനെ 26നെതിരെ 46 പോയിന്റിനാണ് ഇന്ത്യ വിജയിച്ചത്.

അടുത്ത മത്സരത്തിൽ വനിതാ ടീം സിംഗപ്പൂരിനെയും, പുരുഷ ടീം ഉഗാണ്ടയെയും നേരിടും.

✪✪✪

കേരള പത്രപ്രവർത്തക യൂണിയൻ കോഴിക്കോട് ജില്ലാ പ്രസിഡന്റായി ദീപക് ധർമടത്തെയും സെക്രട്ടറിയായി എ.വി ഫർദീസിനെയും തെരഞ്ഞെടുത്തു.

കണ്ണൂർ ജില്ല കമ്മിറ്റി പ്രസിഡന്റായി AK ശ്രീജിത്തിനെയും സെക്രട്ടറിയായി M സന്തോഷിനെയും തിരഞ്ഞെടുത്തു.

✪✪✪

ഇന്നലെ അന്തരിച്ച മുതിർന്ന CPIM നേതാവും CITU സംസ്ഥാന സെക്രട്ടറിയുമായ KP സഹദേവന്റെ മൃതദേഹം ഇന്ന് വൈകിട്ട് കണ്ണൂർ പയ്യാമ്പലത്ത് സംസ്കരിക്കും. രാവിലെ ഒമ്പത് മുതൽ CPIM ജില്ലാ കമ്മിറ്റി ഓഫീസിലും വൈകിട്ട് മൂന്ന് മുതൽ CITU ജില്ലാ കമ്മിറ്റി ഓഫീസിലും പൊതുദർശനം ഉണ്ടാകും.

ആദരസൂചകമായി വൈകിട്ട് 4 വരെ കണ്ണൂർ നഗരത്തിൽ ഹർത്താൽ ആചരിക്കും. വാഹനങ്ങളെയും ഹോട്ടലുകളെയും ഹർത്താലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

✪✪✪

പരിസ്ഥിതിലോല മേഖല കരടുവിജ്ഞാപനത്തിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് പത്തനംതിട്ട ജില്ലയിലെ ഏഴ് വില്ലേജുകളിൽ CPIM ആഹ്വാനം ചെയ്ത ഹർത്താൽ ആരംഭിച്ചു. വൈകിട്ട് ആറുവരെയാണ് ഹർത്താൽ.

ചിറ്റാർ, പെരുനാട്, വടശേരിക്കര, അരുവാപ്പുലം, കൊല്ലമുള, തണ്ണിത്തോട്, സീതത്തോട് വില്ലേജുകളിലാണ് ഹർത്താൽ.

✪✪✪

കണ്ണൂർ കാപ്പാടിനടുത്ത് പള്ളിപൊയിലിൽ മാതാവിനോപ്പം യാത്ര ചെയ്യവേ സ്കൂട്ടർ അപകടത്തിൽ അഞ്ചുവയസ്സുകാരി മരിച്ചു. പള്ളിപ്പൊയിലെ ആയിസൽ മറിയം ആണ് മരിച്ചത്.

✪✪✪

ശബരിമല മണ്ഡല - മകരവിളക്ക് സീസണിൽ ഏറ്റുമാനൂർ ഇടത്താവളത്തിൽ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങളെ ക്കുറിച്ച് ആലോചിക്കുന്നതിന് നാട്ടകം സുരേഷ് MLA- യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ കോട്ടയം ജില്ലാ കലക്ടർ അടക്കം ഉദ്യോഗസ്ഥരും പങ്കെടുത്തു. തയ്യാറെടുപ്പുകൾ സമയബന്ധിതമായി പൂർത്തികരിക്കാൻ വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് യോഗത്തിൽ MLA നിർദേശിച്ചു.

✪✪✪

കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്ത് PM-MSY പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ച അരയങ്കാവ് – കുത്തംവള്ളി റോഡും അനുബന്ധ പാലങ്ങളും മന്ത്രി വി.ഇ. അബ്ദുൾ ഗഫൂർ ഉദ്ഘാടനം ചെയ്തു. കെ. പ്രവീൺകുമാർ എം.എൽ.എ അധ്യക്ഷനായ ചടങ്ങിൽ ഷാഫി പറമ്പിൽ എം.പി മുഖ്യാതിഥിയായിരുന്നു.

✪✪✪

മഹാത്മാ ഗാന്ധി ട്രോഫി ഉത്തരമലബാർ ജലോത്സവം അടുത്ത മാസം 17ന് കാസർകോട് കോട്ടപ്പുറം ഹൗസ്ബോട്ട് ടെർമിനലിൽ നടത്തുമെന്ന് സംഘാടകസമിതി അറിയിച്ചു. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ടൂറിസം വകുപ്പ്, DTPC, നീലേശ്വരം നഗരസഭ, ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്, വള്ളംകളി അസോസിയേഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ജലോത്സവം സംഘടിപ്പിക്കുന്നത്.

✪✪✪

News Editor & News Reader: വി കെ സുരേഷ്
News Team: മണികണ്ഠൻ, അജയ്കുമാർ
DEO : സി കെ സുബോധ്